(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഗ്രാമീണ വിനോദസഞ്ചാര പദ്ധതി

1 [1779] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കൈക്കൊണ്ട പ്രധാന നടപടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമൂലമുണ്ടായ വിനോദസഞ്ചാരികളുടെ വർദ്ധന എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) വിനോദസഞ്ചാര സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ഗ്രാമീണ വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.†

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ 2002 വർഷം 2001-നേക്കാൾ 11.37 ശതമാനം വർദ്ധനവും 2003 വർഷം 2002-നേക്കാൾ 26.68 ശതമാനം വർദ്ധനവും ഉണ്ടായതായി കണക്കാക്കുന്നു. ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ ഇതേ കാലയളവിൽ ഉണ്ടായ വർദ്ധനവ് യഥാക്രമം 6.27 ശതമാനം, 5.44 ശതമാനം ആണെന്നു കണക്കാക്കുന്നു.

(സി) ഉണ്ട്. കേരളത്തിലെ ആദ്യത്തെ ഗ്രാമീണ ടൂറിസം പദ്ധതി എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമത്തിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയ്ക്കായി 50 ലക്ഷം രൂപ കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്. ഈ വർഷം തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് ഗ്രാമീണ ടൂറിസം പദ്ധതിയുടെ ഭാഗമായി ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജ് പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

വിനോദസഞ്ചാര വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

2 [1780] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാരിന്റെ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്?

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വിനോദസഞ്ചാര വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്:

1. മൂന്നു പ്രമുഖ അന്താരാഷ്ട്ര വിമാനത്താവളങ്ങളെ എല്ലാ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുമായും ആകാശമാർഗ്ഗം ബന്ധിപ്പിക്കുക.

2. ടൂറിസവുമായി ബന്ധപ്പെട്ട എല്ലാ പ്രമുഖ റോഡുകളും നവീകരിക്കുക.

3. വിനോദസഞ്ചാര മേഖലകളിൽ ശുദ്ധജല വിതരണം, വൈദ്യുതി, കമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുക.

4. ഇതര സംസ്ഥാനങ്ങൾ, ഇന്ത്യാ ഗവൺമെന്റ്, അന്താരാഷ്ട്ര ഏജൻസികൾ തുടങ്ങിയവയുമായി സഹകരിച്ച് വിനോദസഞ്ചാര വികസനത്തിനായുള്ള സഹായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

5. ദക്ഷിണ കേരളത്തിലുള്ള പ്രധാന തുറമുഖങ്ങളെ, ശ്രീലങ്ക, മാൽഡീവ്സ്, മൗറീഷ്യസ് തുടങ്ങിയ അയൽരാജ്യങ്ങളുമായി ബന്ധിപ്പിക്കുന്ന പുതിയ ക്രൂയിസ് സർക്യൂട്ടുകൾ വികസിപ്പിക്കുക.

6. തീർത്ഥാടന കേന്ദ്രങ്ങൾ, റിസോർട്ടുകൾ, ബിസിനസ്സ് കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന ടൂറിസം പ്രദേശങ്ങൾ കണ്ടെത്തുവാനും മുഹീകരിക്കുവാനും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുക.

7. വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

8. പ്രത്യേക തീർത്ഥാടന സർക്യൂട്ടുകൾ വികസിപ്പിക്കുക.

9. സംസ്ഥാനത്തിലുടനീളം റോഡുകളിൽ നല്ല നിലവാരമുള്ള ചൂണ്ടുപലകകൾ സ്ഥാപിക്കുക.

10. ഹോംസ്റ്റേ പദ്ധതി പ്രോത്സാഹിപ്പിക്കുക.

11. വാട്ടർ സ്പോർട്ട്സ് ഉൾപ്പെടുന്ന അഡ്വഞ്ചർ ടൂറിസം പ്രചരിപ്പിക്കുക.

12. സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള സഹായാന്തരീക്ഷം സൃഷ്ടിക്കുക.

13. ടൂറിസം വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കാനും സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിക്കുവാനുമുള്ള വ്യവസ്ഥകൾ ലഘൂകരിക്കുക.

14. ടൂറിസം മേഖലയിൽ വിദേശ ഇന്ത്യാക്കാരുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുവാൻ പ്രത്യേക പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.

15. സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി പ്രത്യേക ഇൻസന്റീവ് അനുവദിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

16. ടൂറിസവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും ഉയർന്ന ഗുണ നിലവാരം ഉറപ്പുവരുത്തുക.

17. കേരളത്തിന്റെ തനത് ഉത്പന്നങ്ങളായ കായൽപരപ്പ്, ആയുർവേദം, പരിസ്ഥിതി ടൂറിസം എന്നിവയിൽ പ്രത്യേക ഊന്നൽ നൽകുക.

കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയ ടൂറിസം പദ്ധതികൾ

3 [1781] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2001-2002, 2002-2003, 2003-2004 വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റ് എത്ര ടൂറിസം പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നും അവയ്ക്ക് ഓരോന്നിനും എന്ത് തുക വീതം അനുവദിച്ചുവെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതികൾ ഓരോന്നും ഏത് കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടവയായിരുന്നു;

(സി) ഇവയിൽ ഏതെല്ലാം പൂർത്തീകരിച്ചു;

(ഡി) ഇനി ഏതെങ്കിലും പദ്ധതിയുടെ പണി ആരംഭിക്കാനുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം പദ്ധതികളാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2001-2002, 2002-2003, 2003-2004 വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയ പദ്ധതികളുടെയും അവയ്ക്കോരോന്നിനും അനുവദിച്ച തുക സംബന്ധിച്ച വിവരവും അടങ്ങുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി വയ്ക്കുന്നു.†

(ബി) പർച്ചേസ് ഒഴികെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകളും 18 മാസം കൊണ്ടും, പർച്ചേസ് 9/12 മാസങ്ങൾ കൊണ്ടും തീർക്കണമെന്ന് നിഷ്കർഷയുണ്ട്.

(സി) പൂർത്തീകരിച്ച പ്രോജക്ടുകൾ അനുബന്ധമായി വയ്ക്കുന്നു.†

(ഡി) ആരംഭിക്കാനുണ്ട്.

(ഇ) 2003-2004-ൽ അനുവാദം ലഭിച്ച് സംസ്ഥാന ഗവൺമെന്റിന്റെ ഭരണാനുമതിയ്ക്കായി കാത്തിരിക്കുന്ന പദ്ധതികളാണ് ആരംഭിക്കുവാനുള്ളത്. വിശദാംശം അനുബന്ധമായി വയ്ക്കുന്നു.†

† അനുബന്ധം V, എ, ബി, സി.

LIBRARY ARCHIVES Kerala Legislative Assembly